# ഭിന്നശേഷി:
# ശേഷീവാദ കാഴ്ചപ്പാടും പൊതുബോധ നിർമ്മിതിയും
## വിനയന്റെ തെരഞ്ഞെടുത്ത സിനിമകളെ മുൻനിർത്തിയുള്ള പഠനം

**രഞ്ജിത് വി.**
ഗവേഷകൻ, മലയാളവിഭാഗം, കേരളകേന്ദ്രസർവകലാശാല, കാസറഗോഡ്

### പ്രബന്ധസംഗ്രഹം

പിതൃ അധികാര വ്യവസ്ഥിതി നിലനിൽക്കുന്ന കേരളീയ സമൂഹത്തിൽ ഭിന്നശേഷിയെ സംബന്ധിച്ച് നിരവധിയായ മാമൂൽ ധാരണകളും വാർപ്പ് മാതൃകകളും നിലനിൽക്കുന്നുണ്ട്. പൂർണ്ണ ശരീരങ്ങളുമായി താരതമ്യം ചെയ്ത് അപൂർണ്ണ ശരീരത്തിന്റെ പരിമിതികളെ സഹതാപത്തോടെ കാണുന്നതാണ് മലയാളി പൊതുബോധത്തിന്റെ സാമാന്യ സ്വഭാവം. ഭിന്നശേഷിവിഭാഗത്തെ സംബന്ധിച്ച പൊതുബോധം നിർമ്മിക്കുന്നതിൽ ജനപ്രിയ സിനിമകൾ വലിയ പങ്കുവഹിക്കുന്നതായി കാണാം. വിനയന്റെ തെരഞ്ഞെടുത്ത സിനിമകളെ മുൻനിർത്തി ഭിന്നശേഷിയോടുള്ള ശേഷീവാദ സമൂഹത്തിന്റെ കാഴ്ചപ്പാടും ഭിന്നശേഷി സമൂഹത്തെക്കുറിച്ച് ജനപ്രിയ സിനിമ ഉല്പാദിപ്പിക്കുന്ന പൊതുബോധവും വിശകലനവിധേയമാക്കുകയാണ് ഈ പ്രബന്ധത്തിലൂടെ ചെയ്യുന്നത്.

**താക്കോൽ വാക്കുകൾ:** ഭിന്നശേഷി, ശേഷീവാദം, പൊതുബോധം, പിതൃ അധികാരം

### ആമുഖം

സാഹിത്യവും സംസ്കാരവും ഉൾപ്പെടെയുള്ള മനുഷ്യ വ്യവഹാരത്തിന്റെ സമസ്ത മേഖലയിലെയും ഇന്ദ്രിയപരതയെ മനുഷ്യ ബന്ധങ്ങളുടെ അടിസ്ഥാനത്തിൽ വ്യാഖ്യാനിക്കുന്ന വൈജ്ഞാനിക മേഖലയെയാണ് പരിമിതി പഠനം അഥവാ

ഭിന്നശേഷി പഠനം എന്ന സംജ്ഞ കൊണ്ട് കുറിക്കുന്നത്. പിതൃ അധികാര വ്യവസ്ഥ ഉത്പാദിപ്പിക്കുന്ന പൂർണ്ണ ശരീരമെന്ന വാർപ്പ് മാതൃകയുടെ പിൻബലത്തിലാണ് പൂർണ്ണ ശരീരങ്ങളിൽ നിന്ന് ഭിന്നമായ അപൂർണ ശരീരങ്ങളെ സംബന്ധിച്ചുള്ള താരതമ്യം നടത്തിവരുന്നത്. വ്യക്തിയുടെ ശാരീരികവും മാനസികവുമായ പരിമിതിയെ സമൂഹത്തിന്റെ ഘടനാപരമായ പ്രശ്നമായി വിശകലനം ചെയ്യുന്ന പഠനങ്ങളാണ് ഭിന്നശേഷി പഠനങ്ങളിൽ കൂടുതലായി നടന്നു വരുന്നത്. വിദ്യാഭ്യാസപരമായും സാംസ്കാരികമായും ഏറെ പുരോഗമിച്ച മലയാളി സമൂഹത്തിനകത്തും ഭിന്നശേഷിയെ സംബന്ധിച്ച് അബദ്ധജടിലമായ ധാരണകളാണ് കാലങ്ങളായി നിലനിന്നു പോരുന്നത്. ഭിന്നശേഷി എന്നത് അച്ഛന്റെയും അമ്മയുടെയും പാപത്തിന്റെ ഉൽപ്പന്നമാണെന്ന് 2022-ൽ പുറത്തിറങ്ങിയ മലയാള സിനിമയിലെ നായകന്റെ സംഭാഷണം ഭിന്നശേഷിയെ സംബന്ധിച്ചുള്ള അബദ്ധധാരണകളിൽ മലയാളി എത്രമാത്രം മുന്നിലാണെന്ന് കാണിച്ചുതരുന്നു. മാനസികവും ശാരീരികവുമായ പരിമിതി നേരിടുന്ന ആളുകളെ പൂർണ്ണ ശരീരങ്ങളായി അംഗീകരിക്കാൻ മലയാളികളിൽ ബഹുഭൂരിപക്ഷവും ഇക്കാലത്തും തയ്യാറായിട്ടില്ല. പൊതുഇടങ്ങളിൽ എല്ലാവരെയും പോലെ ഇടപെടാനുള്ള അവസരം നിഷേധിക്കപ്പെടുകയും സഹതാപത്തോടെ പ്രത്യേകമായി പരിഗണിക്കുകയും ചെയ്യുന്ന പൊതുബോധമാണ് ഭിന്നശേഷിയെ സംബന്ധിച്ച് മലയാളികൾ പിന്തുടരുന്നത്. ഇത്തരം പൊതുബോധത്തെ ഊട്ടിയുറപ്പിക്കുന്നതിൽ ജനപ്രിയ സിനിമകൾ വലിയ പങ്കുവഹിക്കുന്നതായി കാണാം. വിനയന്റെ ഊമപ്പെണ്ണിന് ഉരിയാടാപ്പയ്യൻ, വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും, മീരയുടെ ദുഃഖവും മുത്തുവിന്റെ സ്വപ്നവും എന്നീ സിനിമകളെ മുൻനിർത്തി ശേഷീവാദ സമൂഹത്തിന്റെ ഭിന്നശേഷിയെ കുറിച്ചുള്ള കാഴ്ചപ്പാടുകളും ഇത്തരം സിനിമകൾ ഭിന്നശേഷിയെ കുറിച്ച് നിർമിക്കുന്ന പൊതുബോധവും വിശകലനവിധേയമാക്കാനാണ് ഈ പ്രബന്ധം ശ്രമിക്കുന്നത്.

### ഭിന്നശേഷി,ശേഷീവാദം: നിർവചനവും പൊരുളും

ഒരു വ്യക്തിയുടെ കഴിവുകളോ സ്വഭാവസവിശേഷതകളോ നിർണയിക്കപ്പെടുന്നത് വൈകല്യങ്ങളെ മുൻനിർത്തിയാണെന്നും വൈകല്യമുള്ള ആളുകൾ വൈകല്യമില്ലാത്തവരേക്കാൾ താഴ്ന്ന നിലയിലാണ് പരിഗണിക്കപ്പെടുന്നതെന്നുമുള്ള കാഴ്ചപ്പാട് കാലങ്ങളായി നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്. ഈ കാഴ്ചപ്പാടാണ് ശേഷീവാദം (Ableism) എന്ന പേരിൽ അറിയപ്പെടുന്നത്. സാമൂഹിക സാംസ്കാരിക നിർമ്മിതിയായ പൂർണ്ണ ശരീരവുമായി താരതമ്യം

ചെയ്ത് അപൂർണ്ണ ശരീരമെന്ന അപരത്തെ നിർമ്മിക്കുകയും ഈ അപരത്തിന് വിലകുറഞ്ഞ പദവി കൽപ്പിച്ച് നൽകുകയും ചെയ്യുകയാണ് ശേഷീവാദം ചെയ്യുന്നത്. ആയതിനാൽത്തന്നെ ശേഷീവാദത്തിന്റെ ഉൽപ്പന്നമാണ് ഭിന്നശേഷി (Disability) യെന്ന് പറയാം.ശാരീരികമോ, മാനസികമോ, ബുദ്ധിപരമോ, ഇന്ദ്രിയ സംബന്ധിയോ, വൈകാരികമോ, വികസനപരമോ ആയ കുറവുകളോ, അവയുടെ കൂടിച്ചേരലുകളോ കാരണം വ്യക്തിയിലോ സമൂഹങ്ങളിലോ സൃഷ്ടിക്കപ്പെടുന്ന പ്രശ്നങ്ങളുടെ പരിണിതഫലമാണ് ഭിന്നശേഷി (2001, P 28) യെന്ന് ലോകാരോഗ്യ സംഘടന ഭിന്നശേഷിയെ നിർവചിക്കുന്നു.

ഭിന്നശേഷിയെന്നത് ഒരു വ്യക്തിയുടെ സ്വഭാവഗുണമല്ല, മറിച്ച് സങ്കീർണ്ണമായ അവസ്ഥകളുടെ ഒരു ശേഖരമാണെന്ന് പറയാം. ഇത്തരം സങ്കീർണ്ണ അവസ്ഥകൾ പലതും സാമൂഹിക അന്തരീക്ഷത്തിന്റെ സൃഷ്ടിയാണ്. ശേഷീവാദം രൂപപ്പെടുത്തിയ പൂർണ്ണ ശരീരങ്ങളുമായുള്ള താരതമ്യത്തിന്റെ ഫലമായിട്ടാണ് ഭിന്നശേഷി എന്ന സങ്കല്പം രൂപപ്പെടുന്നത്. ഭിന്നശേഷി സാമൂഹിക നിർമ്മിതിയായതിനാൽത്തന്നെ ഭിന്നശേഷി എന്ന സങ്കല്പം ഉത്പാദിപ്പിക്കുന്ന വിവിധങ്ങളായ പ്രശ്നത്തിന്റെ നിയന്ത്രണത്തിന് സാമൂഹിക പ്രവർത്തനം ആവശ്യമായി തീരുന്നു. കൂടാതെ സാമൂഹിക ജീവിതത്തിന്റെ എല്ലാ മേഖലകളിലും പരിമിതിയുള്ളവരുടെ പൂർണ്ണ പങ്കാളിത്തത്തിന് ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടത് സമൂഹത്തിന്റെ കൂട്ടായ ഉത്തരവാദിത്തമാണെന്നു ആധുനികമായ പഠനങ്ങൾ തെളിയിക്കുന്നു.

ഭിന്നശേഷി സംബന്ധിച്ച് ഏറെ തെറ്റിദ്ധാരണകൾ നമ്മുടെ പൊതുബോധത്തിൽ നിലവിലുണ്ട്. ഇത്തരത്തിലുള്ള ആളുകളെ പൂർണ്ണ പൗരന്മാരായി അംഗീകരിക്കാൻ നമ്മുടെ സമൂഹം ഇതുവരെയും തയ്യാറായിട്ടില്ല. സഹതാപവും കാരുണ്യവും അർഹിക്കുന്ന ആളുകളായിട്ടാണ് ഇത്തരക്കാരെ പരിഗണിച്ചു പോകുന്നത്. സാമൂഹികമായ തുല്യത നൽകാതിരിക്കുകയും പൊതു ഇടങ്ങളിലെ പങ്കാളിത്തത്തിന് തടസ്സങ്ങളും പ്രതിബന്ധങ്ങളും സൃഷ്ടിക്കുകയും ചെയ്യുന്നതിലൂടെ ശേഷീവാദ സമൂഹം തങ്ങളുടെ അധികാരം ബലപ്പെടുത്തുന്നതായി കാണാം. പൂർണ്ണശരീരമെന്ന വ്യാജനിർമ്മിതിയിൽ നിന്നാണ് ഭിന്നശേഷിയെന്ന സങ്കല്പം രൂപപ്പെടുത്തിയതെന്ന കാഴ്ചപ്പാട് ഭിന്നശേഷി പഠനങ്ങൾക്ക് പുതിയ ദിശാബോധം നൽകുകയുണ്ടായി. ഇത്തരം കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിൽ വിനയന്റെ തെരഞ്ഞെടുത്ത ചലച്ചിത്രങ്ങളെ വിശകലനം ചെയ്യാനാണ് ഇവിടെ ശ്രമിക്കുന്നത്.

### ഭിന്നശേഷിയും മലയാളസിനിമയും

മനുഷ്യവംശം ഉണ്ടായ കാലം മുതൽതന്നെ പൂർണ്ണ ശരീരങ്ങളിൽ നിന്നും ഭിന്നമായ ശരീര മാതൃകകൾ ഈ ലോകത്തിന്റെ ഭാഗമായിരുന്നു. ആയതിനാൽ തന്നെ മനുഷ്യന്റെ എല്ലാ സർഗാത്മക വ്യവഹാരങ്ങളിലും ഇത്തരം കഥാപാത്രങ്ങളുടെ പ്രാതിനിധ്യം കടന്നുവരുന്നത് സ്വാഭാവികമാണ് താനും. ക്ലാസിക് കാലഘട്ടത്തിലെ കൃതികൾ മുതലിങ്ങോട്ട് സമകാലിക വ്യവഹാരങ്ങളിൽവരെ നിരവധിയായ ഭിന്നശേഷി പ്രതിനിധാനങ്ങൾ കാണാൻ സാധിക്കും. കാലഘട്ടത്തിനനുസരിച്ച് പ്രതിനിധാനത്തിന്റെ രാഷ്ട്രീയത്തിലും പ്രത്യയശാസ്ത്രത്തിലും വലിയ രീതിയിലുള്ള മാറ്റങ്ങൾ സംഭവിച്ചതായി കാണാം. മറ്റെല്ലാ സർഗാത്മക വ്യവഹാരങ്ങളെയും പോലെ സിനിമയിലും നിരവധിയായ ഭിന്നശേഷി പ്രതിനിധാനങ്ങൾ കാണാൻ സാധിക്കും. മാനസികമായ വെല്ലുവിളി, കാഴ്ചപരമായ വെല്ലുവിളി, ശാരീരികമായ വെല്ലുവിളികൾ തുടങ്ങിയവയുള്ള ഭിന്നശേഷി വിഭാഗങ്ങളെ പ്രതിനിധാനം ചെയ്യുന്ന ധാരാളം മലയാള സിനിമകളുണ്ട്. ഭിന്നശേഷി കഥാപാത്രങ്ങൾ സിനിമയിലെ മുഖ്യ കഥാപാത്രങ്ങളായി പ്രത്യക്ഷപ്പെടുന്ന സിനിമകൾ പലപ്പോഴും സഹതാപ പരമായ മുതലെടുപ്പ് നടത്തുന്നതായി കാണാം. കാഴ്ച പരമായ വെല്ലുവിളി പ്രമേയമായി വരുന്ന കാവ്യമേള(1965), നിന്നിഷ്ടം എന്നിഷ്ടം (1986), വാരഫലം (1994), ഗുരു (1997), വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും (1999), കുഞ്ഞിക്കൂനൻ (2002), കറുത്ത പക്ഷികൾ (2006), ആത്മകഥ (2010), ആർട്ടിസ്റ്റ് (2013), ഒപ്പം (2016), കാമുകി (2018) തുടങ്ങിയ സിനിമകൾ ശ്രദ്ധേയമാണ്. കുഷ്ഠരോഗം പ്രമേയമാകുന്ന അശ്വമേധം (1967), ബധിരതയെ ആവിഷ്കരിക്കുന്ന ഓർമ്മയ്ക്കായി, അണ്ണൻ തമ്പി, വാരഫലം തുടങ്ങിയ സിനിമകളിലും പച്ചക്കുതിര (2006), ബാംഗ്ലൂർ ഡേയ്സ് (2014), മിഴി രണ്ടിലും (2003), ഏഴര കൂട്ടം (1995), സൗണ്ട് തോമ (2013), ചക്കരമുത്ത് (2006), പഞ്ചാബി ഹൗസ് (1998), സു സു സുധി വാത്മീകം, ബ്യൂട്ടിഫുൾ, അമർ അക്ബർ അന്തോണി, കേളി, എബി, അലക്സാണ്ടർ ദി ഗ്രേറ്റ്, ഇരുട്ടിന്റെ ആത്മാവ്, തന്മാത്ര, കുള്ളന്റെ ഭാര്യ തുടങ്ങിയ ചിത്രങ്ങളിലും ചെറുതും വലുതുമായ നിരവധി ഭിന്നശേഷി പ്രതിനിധാനങ്ങളെ കണ്ടെത്താൻ സാധിക്കും.

### ഊമപ്പെണ്ണിന് ഉരിയാടാപ്പയ്യൻ

ജയസൂര്യ-കാവ്യാമാധവൻ താര ജോഡിയെ മുഖ്യ കഥാപാത്രമാക്കി വിനയൻ സംവിധാനം ചെയ്ത് 2002-ൽ പുറത്തിറങ്ങിയ ചിത്രമാണ് ഊമപ്പെണ്ണിന് ഉരിയാടാപ്പയ്യൻ. സംസാരശേഷിയില്ലാത്ത ബേബിയുടെയും സംസാരശേഷിയും

കേൾവി ശക്തിയുമില്ലാത്ത ഗോപികയുടെയും ജീവിതത്തെ മുൻനിർത്തിയാണ് ഈ സിനിമയുടെ കഥ മുന്നോട്ട് പോകുന്നത്. നായക - നായിക കഥാപാത്രങ്ങളുടെ ഭിന്നശേഷിയിലൂടെ ആസ്വാദകനിൽ സഹതാപപരമായ കാഴ്ച ഉല്പാദിപ്പിക്കാൻ ശ്രമിക്കുന്ന ജനപ്രിയ സിനിമാ തന്ത്രമാണ് ഊമപ്പെണ്ണിന് ഉരിയാടാപ്പയ്യനിൽ ഫലപ്രദമായി ഉപയോഗിച്ചിരിക്കുന്നത്. ശേഷീവാദ സമൂഹത്തിന്റെ കാഴ്ചപ്പാടുകളും പ്രത്യയശാസ്ത്രവുമാണ് ഈ സിനിമ മുന്നോട്ടുവയ്ക്കുന്നത്. ഭിന്നശേഷിയുള്ള വ്യക്തികളെ പൂർണ്ണ മനുഷ്യരായി അംഗീകരിക്കാൻ ഈ സിനിമ തയ്യാറാകുന്നില്ല. ബേബിയുടെ സുഹൃത്തായ കൊച്ചുകുട്ടനെ(ഹരിശ്രീ അശോകൻ) കൂനെന്ന പരിമിതി നേരിടുന്ന കഥാപാത്രമായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. അപകടം നേരിടുന്ന ഒരു ഘട്ടത്തിൽ "ഇങ്ങനെ പോയാൽ ഒരു ഹെവി ലൈഫ് ഇൻഷുറൻസ് എടുക്കേണ്ടിവരും" എന്ന് കൊച്ചുകുട്ടൻ പറയുന്നുണ്ട്. "അതിന് ലൈഫ് ഉള്ളവർക്കല്ലേ, ഇൻഷുറൻസ് എടുക്കേണ്ട കാര്യമുള്ളൂ" എന്ന മറുപടിയാണ് സുഹൃത്തായ ടോമി (സുധീഷ്) നൽകുന്നത്. ഭിന്നശേഷി നേരിടുന്ന വ്യക്തികൾക്ക് മറ്റുള്ള മനുഷ്യർക്കുള്ള ജീവിതം അർഹിക്കുന്നില്ലെന്ന സാമൂഹിക പൊതുബോധമാണ് ടോമിയുടെ വാക്കുകളിൽ പ്രകടമാകുന്നത്. കൊച്ചുകുട്ടന്റെ ശാരീരിക വെല്ലുവിളിയെ പരിഹാസത്തിനുള്ള ഉപാധിയായിട്ടാണ് സംവിധായകൻ പലപ്പോഴും പരിഗണിച്ചു കാണുന്നത്.

ഒരു വ്യക്തിയുടെ പ്രവർത്തിമണ്ഡലങ്ങളിലൊന്നും പൂർണ്ണ ശരീരങ്ങളോട് തുല്യമായി ഇടപെടാൻ ഭിന്നശേഷിയുള്ളവർക്ക് സാധിക്കില്ലെന്ന പൊതുബോധം രൂപപ്പെടുത്തുന്ന നിരവധി ഉദാഹരണങ്ങൾ ഈ സിനിമയിൽ കണ്ടെത്താൻ സാധിക്കും. ലൈംഗിക തൊഴിലാളികളുടെ വീട്ടിൽനിന്ന് പണം തിരിച്ചു വാങ്ങാൻ ശ്രമിക്കുന്ന കൊച്ചുകുട്ടന് പണം നൽകാൻ ആ സ്ത്രീ തയ്യാറാകുന്നില്ല. പണം നൽകിയില്ലെങ്കിൽ ആ പണം മുതലാക്കാനുള്ള വഴി തനിക്കറിയാമെന്ന ഭാവത്തോടെ "എങ്കിൽ അടുത്ത ഞായറാഴ്ച ഞാൻ വന്നു കാശ് മുതലാക്കിക്കോളാം" എന്ന് കൊച്ചുകുട്ടൻ മറുപടി നൽകുന്നു. "ഫാ, കാശ് മൊതലാക്കാൻ പറ്റിയ ആൾ, ആദ്യം നീ നേരെ നിക്കാൻ നോക്കടാ കൂനാ" എന്നാണ് കൊച്ചുകുട്ടന് ആ സ്ത്രീ നൽകുന്ന മറുപടി. പൂർണ്ണ ശരീരങ്ങൾക്ക് മാത്രമേ ലൈംഗികമായ കഴിവുകൾ പൂർണ്ണമായ തോതിൽ ഉണ്ടാവുകയുള്ളൂവെന്നും ഒരു സ്ത്രീശരീരത്തെ പൂർണമായതോതിൽ തൃപ്തിപ്പെടുത്തണമെങ്കിൽ ഭിന്നശേഷി ഇല്ലാത്ത വ്യക്തിയാവണമെന്നുമുള്ള മലയാളിയുടെ കാഴ്ചപ്പാടിനെ ഈ സന്ദർഭം ഊട്ടിയുറപ്പിക്കുന്നു. ഇതേ സന്ദർഭത്തിന്റെ തുടർച്ചയായി "കൂനന്

ഡിഡക്ഷൻ ഒന്നുമില്ലേ?" എന്ന് മുതലാളിയായ പുഞ്ചിരിപുഷ്പരാജ് (കൊച്ചിൻ ഹനീഫ) ലൈംഗിക തൊഴിലാളിയോട് ചോദിക്കുന്നുണ്ട്. കുനുള്ള കൊച്ചുകുട്ടന് അവന്റെ ജീവിത വ്യവഹാരങ്ങളിലൊന്നും പൂർണ്ണമായതോതിൽ ഇടപെടാൻ സാധിക്കില്ല എന്ന ധ്വനി ഉണ്ടാക്കുന്ന ഇത്തരം സന്ദർഭങ്ങളെല്ലാം പിതൃ അധികാര വ്യവസ്ഥിതിയുടെയും ശേഷീവാദത്തിന്റെയും ഉൽപ്പന്നമാണ്. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ആളുകൾ പൊതു ഇടങ്ങളിൽ പരിഹാസ ത്തിനും കളിയാക്കലിനും വിധേയമാകുന്നതിന്റെ നിരവധി ഉദാഹരണങ്ങൾ നമ്മുടെ സാമൂഹ്യ ജീവിതത്തിൽ കണ്ടെത്താനാവും. ഒരാളുടെ കുറവിനെ തമാശ നിർമ്മിക്കാനുള്ള ഉപകരണമായി ജനപ്രിയ സിനിമ എല്ലാകാലത്തും ഉപയോഗിച്ചിട്ടുണ്ട്. സൂര്യമാനസം, ഹലോ, ചക്കരമുത്ത്, പച്ചക്കുതിര, കുഞ്ഞി ക്കൂനൻ, പഞ്ചാബിഹൗസ്, അണ്ണൻ തമ്പി, സൗണ്ട് തോമ തുടങ്ങിയ ജനപ്രിയ സിനിമകൾ ഉത്പാദിപ്പിക്കുന്ന ഭിന്നശേഷി വിരുദ്ധ രാഷ്ട്രീയം തന്നെയാണ് ഊമപ്പെണ്ണിന് ഉരിയാടാപ്പയ്യൻ എന്ന സിനിമയും മുന്നോട്ട് വയ്ക്കുന്നത്. "വളഞ്ഞു നിന്നിട്ട് ഇങ്ങനെയാണ്, നേരെ നിന്നാൽ എങ്ങനെ ആയേനേ" എന്ന പുഞ്ചിരി പുഷ്പരാജന്റെ സംഭാഷണവും അതോടൊപ്പം മുഴങ്ങി കേൾക്കുന്ന പരിഹാസച്ചിരിയും ആർക്കും യഥേഷ്ടം കളിയാക്കാനുള്ള ഒരു വസ്തു മാത്രമാണ് ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ആളുകളെന്ന ബോധമാണ് കാഴ്ചക്കാരിൽ നിർമ്മിക്കുന്നത്.

നായക-നായിക കഥാപാത്രങ്ങളിലൂടെ പ്രേക്ഷകനെ വൈകാരികമായി കീഴ്പ്പെടുത്താനും അംഗപരിമിതിയെ സഹതാപത്തിനുള്ള ഉപാധിയാക്കാനും സംവിധായകൻ സിനിമയിലുടനീളം ശ്രമിക്കുന്നുണ്ട്. "മിണ്ടാനും കേൾക്കാനും കഴിയാത്ത മിണ്ടാപ്രാണിയാണെങ്കിലും നീയൊന്നും വെറുതെ വിടില്ലല്ലോ" എന്ന കന്യക (കൽപ്പന) യുടെ വാക്കുകളിൽ ഭിന്നശേഷി വിഭാഗത്തിലുള്ളയാ ളുകൾ പ്രത്യേക പരിഗണനയും സഹതാപവും ലഭിക്കേണ്ട വിഭാഗമാണെന്ന് പ്രേക്ഷകനെ നിരന്തരമായി ഓർമിപ്പിക്കുന്നു. അച്ഛനിൽനിന്നും പരിചാരിക യിൽനിന്നും കുടുംബാംഗങ്ങളിൽ നിന്നുമെല്ലാം സഹതാപപരമായ സ്നേഹം ലഭിക്കുന്ന കഥാപാത്രമായാണ് ഗോപിക സിനിമയിൽ നിറഞ്ഞുനിൽക്കു ന്നത്. ഊമക്കുയിൽ എന്ന അച്ഛന്റെയും മുറച്ചെറുക്കന്റെയും വിളിയും "ആ പെണ്ണിനെ കെട്ടാൻ ആരാ വരിക?" എന്ന സഹതാപവാക്കും ഭിന്നശേഷി സമുദായത്തിന്റെ മുകളിൽ അടിച്ചേൽപ്പിക്കുന്ന ഭാരമായി വേണം തിരിച്ചറി യാൻ. മനുഷ്യന്റെ പരിമിതികളെ താരതമ്യം ചെയ്യാതെ എല്ലാ മനുഷ്യരെ യുംപോലെ മുഖ്യധാരാ ജീവിതവും പൊതു ഇടങ്ങളിലെ ഇടപെടലുകളിൽ

തുല്യ പങ്കാളിത്തവും ലഭിക്കാൻ അർഹരാണ് എല്ലാ മനുഷ്യരുമെന്ന ധാരണ സൃഷ്ടിക്കുന്നതിനു പകരം അതിന് വിരുദ്ധമായ കാഴ്ചപ്പാടാണ് സിനിമ മുന്നോട്ടുവയ്ക്കുന്നത്. ഗോപികയ്ക്ക് ബേബിയോട് തോന്നുന്ന പ്രണയത്തെ ഒരു ഊമയ്ക്ക് മറ്റൊരു ഊമയോട് തോന്നുന്ന സഹതാപമായിട്ടാണ് സംവിധായകൻ ചിത്രീകരിച്ചിരിക്കുന്നത്. പരിമിതി വിഭാഗത്തിൽപ്പെട്ടയാളുകൾ തങ്ങളുടെ പങ്കാളിയായി തെരഞ്ഞെടുക്കേണ്ടത് പരിമിതിയുള്ള ആളുകളെതന്നെ വേണമെന്ന ഒരു പൊതു ധാരണ മലയാളി സമൂഹത്തിൽ കാലങ്ങളായി നിലനിൽക്കുന്നുണ്ട്. രണ്ടുപേരും അപൂർണ്ണരായതിനാൽ അവരുടെ ജീവിതം നല്ല രീതിയിൽ മുന്നോട്ടുപോകുമെന്ന അബദ്ധ ധാരണയാണ് ഈ കാഴ്ചപ്പാടിന് പിറകിലുള്ളത്. സാമൂഹിക നിർമ്മിതിയായ പൂർണ്ണ ശരീരവും അപൂർണ്ണ ശരീരവും ഒത്തുപോകില്ലെന്നും അപൂർണ്ണ ശരീരവും അപൂർണ്ണ ശരീരവും മാത്രമേ ഒത്തുപോകുകയുള്ളുവെന്നുമുള്ള ധാരണയെ ഈ സിനിമ അടിവരയിട്ട് ഉറപ്പിക്കുന്നു.

ഊമയാണെന്നത് വലിയൊരു പോരായ്മയായി/കുറവായിട്ടാണ് സിനിമ അവതരിപ്പിക്കുന്നത്.ഊമയാണെന്നറിഞ്ഞാൽ തന്റെ പ്രണയം നഷ്ടപ്പെട്ടുപോകുമെന്ന് കരുതുന്ന ബേബി താൻ നയിക്കുന്നത് വിലകുറഞ്ഞ ജീവിതമാണെന്ന ശേഷീവാദ കാഴ്ചപ്പാടാണ് മുന്നോട്ടുവെക്കുന്നത്. ഭിന്നശേഷി വിഭാഗത്തെ കുറിക്കാനായി മലയാളികൾ ഉപയോഗിക്കുന്ന പല പദങ്ങളും മുന്നോട്ടുവയ്ക്കുന്ന പ്രത്യയശാസ്ത്രം തീർത്തും ഭിന്നശേഷി വിരുദ്ധമാണെന്ന് കാണാം. ആണധികാരത്തിന്റെയും പിതൃ അധികാത്തിന്റെയും ഉത്പന്നമാണ് അത്തരം വാക്കുകൾ. കുനൻ, ഊമ, പൊട്ടൻ, കുനൻ കുട്ടൻ, പൊട്ടൻ കഴുവേറി തുടങ്ങി ഈ സിനിമയിൽ ഉപയോഗിക്കുന്ന പല പദങ്ങളും രാഷ്ട്രീയപരമായ കൃത്യതയില്ലാത്ത വാക്കുകളാണെന്ന് തീർത്തു പറയാം. ഭിന്നശേഷി വിരുദ്ധതയുടെ രാഷ്ട്രീയം പങ്കുവെച്ച് സഹതാപത്തിന്റെയും അനുകമ്പയുടെയും വികാരങ്ങൾ സൃഷ്ടിച്ച് ഭിന്നശേഷിയെ കച്ചവടവൽക്കരിക്കുകയാണ് ഊമപ്പെണ്ണിന് ഉരിയാടാപ്പയ്യൻ എന്ന സിനിമ ചെയ്യുന്നത്.

### വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും

ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ പുറത്തിറങ്ങിയ ഏറ്റവും ജനപ്രിയമായ സിനിമകളിൽ ഒന്നാണ് വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും (1999). കാഴ്ച പരിമിതി നേരിടുന്ന രാമുവിന്റെയും (കലാഭവൻ മണി) സഹോദരിമാരുടെയും കഥയാണ് സിനിമയുടെ പ്രമേയം. സിനിമയുടെ ആദ്യ സീൻ മുതൽതന്നെ രാമുവിന്റെ അന്ധതയെ കാഴ്ചക്കാരിലേക്ക് എത്തിക്കാൻ വേണ്ടി വിനയൻ

ശ്രമിക്കുന്നുണ്ട്. ഊമപ്പെണ്ണിന് ഉരിയാടാപ്പയ്യൻ എന്ന സിനിമയ്ക്ക് സമാനമായി ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട നായികയെയും നായകനെയുമാണ് ഈ സിനിമയിലും അവതരിപ്പിക്കുന്നത്. പൂർണ്ണ ശരീരങ്ങൾക്ക് മാത്രമേ പൂർണ്ണ ശരീരത്തെ പങ്കാളിയാക്കാൻ അർഹതയുള്ളുവെന്ന ശേഷീവാദ കാഴ്ചപ്പാടാണ് ഇവിടെയും വിനയനെ നയിക്കുന്നത്. ഒരാൾക്ക് കാഴ്ച പരിമിതിയാണെങ്കിൽ മറ്റൊരാൾക്ക് സംസാര പരിമിതിയാണ് സംവിധായകൻ കൽപ്പിച്ചു നൽകിയിരിക്കുന്നത്. ജനിതകമായ പ്രശ്നങ്ങളാലും പാരമ്പര്യ ഫലമായും വ്യക്തിയിൽ ഉണ്ടാവാൻ സാധ്യതയുള്ള കാഴ്ചപരിമിതിയെ വ്യക്തിയുടെ മാത്രം പ്രശ്നമായാണ് പലപ്പോഴും നമ്മുടെ സമൂഹം വിലയിരുത്തുന്നത്. "കണ്ണ് പൊട്ടന്റെ തല എന്ന് കണ്ടോ അന്ന് തുടങ്ങിയതാണ് എന്റെ കണ്ടകശനി" യെന്ന് രാമുവിന്റെ പിതാവ് പലപ്പോഴായി ശാപവർഷം ചൊരിയുന്നുണ്ട്. കുടുംബത്തിനകത്ത് ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടയാളുകൾ ജനിച്ചാൽ ആ കുടുംബത്തിന് മോശമാണെന്ന പരമ്പരാഗതമായ ധാരണയാണ് രാമുവിന്റെ പിതാവിന്റെ വാക്കുകളിൽ നിഴലിക്കുന്നത്.

കാമുകിയായ വാസന്തിയുമായുള്ള രാമുവിന്റെ സംഭാഷണത്തിൽ മുഴുവൻ കടന്നുവരുന്നത് ശേഷീവാദ സമൂഹത്തിന്റെ കാഴ്ചപ്പാടുകളാണ്. ലക്ഷ്മിക്ക് സംസാരശേഷി ലഭിക്കുന്നതിനെ പറ്റിയുള്ള സംസാരത്തെ തുടർന്ന് രാമു പറയുന്ന വാക്കുകൾ ഇപ്രകാരമാണ്. "മിണ്ടാട്ടം വന്ന നിന്നെ നഗരത്തിലെ നായര് കെട്ടിക്കൊണ്ടുപോകും. മെയ്ഡ് ഫോർ ഈച് അദർ". സംസാരശേഷി ലഭിക്കുന്ന വാസന്തി പിന്നീട് പൂർണ്ണ ശരീരമായി മാറുമെന്നും അതോടെ പരിമിതിയുള്ള തനിക്ക് അവളെ സ്വന്തമാക്കാനുള്ള അവസരം നഷ്ടപ്പെട്ടുമെന്ന ധാരണയാണ് രാമുവിന്റെ വാക്കുകൾ മുന്നോട്ടുവയ്ക്കുന്നത്.പരിമിതിയുള്ള ആളുകൾക്ക് സാമൂഹികമായി നിർമ്മിക്കപ്പെട്ടിട്ടുള്ള പൂർണശരീരങ്ങൾ അർഹിക്കുന്നില്ലെന്ന് വിനയൻ നിരന്തരമായി പ്രേക്ഷകരെ ഓർമ്മിപ്പിക്കുന്നു. അന്ധത അനുഭവിക്കുന്നയാളുകൾ ചുറ്റുമുള്ളവരുടെ സഹതാപം ഏറ്റുവാങ്ങാൻ വിധിക്കപ്പെട്ട വ്യക്തികളാണെന്ന ബോധം ഈ സിനിമ നിരന്തരമായി ഉൽപാദിപ്പിക്കുന്നുണ്ട്. നഗരത്തിലേക്കുള്ള യാത്രാമധ്യേ സൺഗ്ലാസ് വെച്ച് യാത്ര ചെയ്യുന്ന രാമുവിനെ സഹയാത്രികയായ സ്ത്രീ മുഖത്തടിക്കുന്ന രംഗം ഈ സിനിമയിലുണ്ട്. ഈ സന്ദർഭത്തിനുശേഷം രാമുവിന്റെ കാഴ്ച പരിമിതി മനസ്സിലാക്കുന്ന ആ സ്ത്രീയും സഹയാത്രികരും വളരെ സഹതാപത്തോടെയാണ് രാമുവിനോട് പെരുമാറുന്നത്. തെറ്റിദ്ധാരണയ്ക്ക് വിധേയമായി അടി ഏറ്റുവാങ്ങിയ ഒരു വ്യക്തിയോടുള്ള സഹതാപമല്ല, മറിച്ച് അന്ധനായ

ഒരാളെയാണല്ലോ അടിക്കേണ്ടി വന്നത് എന്ന ധർമ്മസങ്കടമാണ് ആ ബസ് യാത്രയിലെ മുഴുവൻ യാത്രക്കാരുടെ മുഖത്തും പെരുമാറ്റത്തിലും കാണാൻ സാധിക്കുന്നത്. അങ്ങനെയൊരു സഹതാപം രാമു അർഹിക്കുന്നില്ല. അന്ധനായതിന്റെ പേരിൽ ആവശ്യത്തിനും അനാവശ്യത്തിനും ലഭിക്കുന്ന ഇത്തരം സഹതാപ നോട്ടങ്ങളും വാക്കുകളും ഒരു വ്യക്തിയിൽ ഉണ്ടാക്കുന്ന അപകർഷതാബോധം വളരെ വലുതാണെന്ന് മലയാളികൾ ഇതുവരെയും തിരിച്ചറിഞ്ഞിട്ടില്ല.

സിനിമയിലെ പ്രധാന കഥാപാത്രങ്ങളോടൊപ്പംതന്നെ മറ്റ ചില കഥാപാത്രങ്ങൾക്കും ഭിന്നശേഷി കൽപ്പിച്ച് കൊടുക്കാനുള്ള പ്രവണത വിനയൻ എന്ന സംവിധായകനിൽ കാണാം.ഊമപ്പെണ്ണിന് ഉരിയാടാപ്പയ്യനിൽ നായകന്റെ സുഹൃത്തായ കൊച്ചുകുട്ടന് ഭിന്നശേഷി കൽപ്പിച്ച് കൊടുക്കുന്ന സംവിധായകൻ വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും എന്ന സിനിമയിലെത്തുമ്പോൾ നായകകഥാപാത്രത്തോട് അടുത്തിടപഴകുന്ന ചായക്കടയിലെ തൊഴിലാളിയിലാണ് ഭിന്നശേഷി ആരോപിക്കുന്നത്. ഒരു പരിഹാസ കഥാപാത്രമെന്ന നിലയിലാണ് ഇന്ദ്രൻസ് അവതരിപ്പിക്കുന്ന ചായക്കടക്കാരന്റെ സഹായി സിനിമയിലുടനീളം പ്രത്യക്ഷപ്പെടുന്നത്. ഞൊണ്ടിക്കാലൻ എന്ന പേരിൽ അയാൾ പലരുടെയും ചിരിക്ക് വിഷയമായി തീരുന്നു.

കാഴ്ച പരിമിതി നേരിടുന്ന നായകനായ രാമുവിനെ പൂർണ്ണശരീരമായി അംഗീകരിക്കാൻ ഈ സിനിമ തയ്യാറാകുന്നില്ല. രാമുവിന് നേരെ നീളുന്ന സഹായങ്ങളെല്ലാം ഒരു അന്ധന് ലഭിക്കുന്ന പ്രത്യേക പരിഗണനയായാണ് സിനിമയിൽ കണക്കാക്കുന്നത്. ബാങ്കിൽ നിന്ന് രാമുവിന് ലോൺ ലഭിക്കുന്ന അവസരത്തിൽ അദ്ദേഹത്തിന്റെ സഹോദരീഭർത്താവ് ബാങ്ക് മാനേജരോട് പറയുന്ന വാക്കുകൾ ഈ പ്രത്യേക പരിഗണനയെ ഊട്ടിയുറപ്പിക്കുന്നതാണ്. "കണ്ണില്ലാത്ത ഒരു പാവത്തിനെ സഹായിച്ച സാറിന് പുണ്യം കിട്ടും" എന്ന സംഭാഷണവും നാട്ടിലെ പ്രമാണിയായ തോമ സാറിന്റെ "ഒരു അന്ധനു കൊടുക്കുന്ന ലോണാ, നിനക്ക് പുണ്യമെങ്കിലും കിട്ടും" എന്ന ഉപദേശവും ഭിന്നശേഷിയുള്ള ആളുകൾക്ക് നൽകപ്പെടുന്ന സഹായങ്ങൾ പുണ്യ പ്രവർത്തിയായി ഗണിക്കപ്പെടുന്നതായി സൂചിപ്പിക്കുന്നു. ഏതൊരു പൗരനെയും പോലെ ആ ബാങ്ക് ലോണിന് അർഹനാണ് രാമു. ബാങ്ക് മാനേജർ രാമുവിനു ലോൺ അനുവദിക്കുന്നത് അദ്ദേഹത്തിന്റെ തൊഴിലിന്റെ ഭാഗമായിട്ടാണ്. അത് ഒരു തൊഴിൽ ധർമ്മം മാത്രമാണ്. അതിനെ ഒരു പുണ്യ പ്രവർത്തിയായി അവരോധിക്കുന്നതിൽ ശേഷീവാദ സമൂഹത്തിന്റെ കാഴ്ചപ്പാടുകളാണ്

പ്രതിഫലിക്കുന്നത്. അവർക്ക് അർഹതയുണ്ടായിട്ടും ലഭിക്കേണ്ട അവകാശങ്ങൾ മറ്റുള്ളവരുടെ ഔദാര്യമായിട്ടാണ് പലപ്പോഴും കരുതപ്പെടുന്നത്. ഭിന്നശേഷി നേരിടുന്ന വ്യക്തികൾ കുടുംബത്തിൽ നിന്നുതന്നെ നിരവധിയായ കുത്തുവാക്കുകളും ശാപവചനങ്ങളും ഏറ്റുവാങ്ങാറുണ്ട്. ഇത്തരത്തിൽ സ്വന്തം പിതാവിൽ നിന്ന് ജീവിതത്തിലുടനീളം പരിഹാസ വാക്കുകൾ കേൾക്കേണ്ടിവരുന്ന കഥാപാത്രമായിട്ടാണ് നായകനായ രാമുവിനെ വിനയൻ രൂപപ്പെടുത്തിയിരിക്കുന്നത്. അച്ഛനും അമ്മയും സഹോദരിയും അടങ്ങുന്ന കുടുംബത്തിന്റെ മുഴുവൻ ഉത്തരവാദിത്വവും തോളിലേറ്റി ജീവിതം തള്ളി നീക്കുന്ന കഥാപാത്രമാണ് രാമു. തന്റെ പാട്ടുപാടാനുള്ള കഴിവ് ഉപയോഗിച്ച് ആളുകൾ കൂടുന്ന തെരുവുകളിൽ പാട്ടുപാടി അവർ നൽകുന്ന നാണയത്തുട്ടുകൾ ഉപയോഗിച്ചാണ് രാമു തന്റെ കുടുംബത്തെ മുന്നോട്ടു കൊണ്ടുപോകുന്നത്. രാമുവിന്റെ പണം തട്ടിപ്പറിക്കുന്ന ജ്യേഷ്ഠനും അനാവശ്യ കാര്യങ്ങൾക്ക് പോലും മകനോട് തട്ടിക്കയറുന്ന രാമുവിന്റെ പിതാവും ഒരുതരത്തിലും രാമുവിന് സ്നേഹമോ പരിഗണനയോ നൽകുന്നില്ല. " നിന്റെ പാട്ട് കേട്ട് മയങ്ങിട്ടൊന്നുമല്ല ആളുകൾ പൈസ തരുന്നത്. കണ്ണുപൊട്ടൻ ആയതുകൊണ്ടാണ്" എന്ന പിതാവിന്റെ വാക്കുകൾ ശേഷീവാദ പിതൃ അധികാര രാഷ്ട്രീയത്തെയാണ് മുന്നോട്ടുവയ്ക്കുന്നത്. കാഴ്ച പരിമിതി നേരിടുന്ന ആളുകളെല്ലാം നല്ല പാട്ടുകാരായിരിക്കുമെന്ന പൊതുബോധം നിർമ്മിക്കുന്നതിൽ വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും എന്ന സിനിമ വലിയ പങ്കു വഹിച്ചതായി കാണാം.

അംഗപരിമിതിയെന്നത് വ്യക്തിയുടെ പ്രശ്നമല്ലെന്നും സാമൂഹികവും സാംസ്കാരികവുമായ സാഹചര്യങ്ങളും ശേഷീവാദവുമാണ് ഭിന്നശേഷിയെ രൂപപ്പെടുത്തുന്നതെന്നും വിനയൻ എന്ന സംവിധായകൻ തിരിച്ചറിഞ്ഞിട്ടില്ലെന്ന് ഈ സിനിമ തെളിയിക്കുന്നു. അന്ധനായ നായകൻ കുടുംബത്തിൽ നിന്നും സമൂഹത്തിൽനിന്നും നേരിടുന്ന പ്രശ്നങ്ങളിലൂടെയും അയാളുടെ ദുരിതപൂർണമായ ജീവിതത്തിലൂടെയും, പ്രേക്ഷകന്റെ ലോലവികാരങ്ങളെ ഉണർത്തുന്ന ജനപ്രിയ സിനിമയുടെ കച്ചവട തന്ത്രം വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും എന്ന സിനിമ വളരെ ഫലപ്രദമായി ഉപയോഗിച്ചിരിക്കുന്നതായി കാണാം.

### മീരയുടെ ദുഃഖവും മുത്തുവിന്റെ സ്വപ്നവും

മീരയും (അമ്പിളി ദേവി) മുത്തുവും (പൃഥ്വിരാജ്) പ്രധാന കഥാപാത്രമായി എത്തുന്ന വിനയൻ ചിത്രമാണ് മീരയുടെ ദുഃഖവും മുത്തുവിന്റെ സ്വപ്നവും (2003). ഇഷ്ടിക നിർമ്മാണ ഫാക്ടറിയും അതിനോടനുബന്ധിച്ചുള്ള

ഗ്രാമാന്തരീക്ഷവുമാണ് സിനിമയുടെ പ്രമേയം. ചെറുപ്പം മുതൽക്കേ തന്നെ അരയ്ക്ക് താഴെ തളർച്ച ബാധിച്ച മീരയ്ക്ക് വേണ്ടിയാണ് സഹോദരനായ മുത്തു തന്റെ ജീവിതം വിനിയോഗിക്കുന്നത്. ബാല്യത്തിൽ തന്നെ അച്ഛനും അമ്മയും നഷ്ടമായ മീരയെ അച്ഛന്റെയും അമ്മയുടെയും സഹോദരന്റെയും സ്നേഹം നൽകിയാണ് മുത്തു വളർത്തുന്നത്. ശാരീരിക പരിമിതിമൂലം മീരയുടെ തുടർന്നുള്ള ജീവിതം പ്രശ്നവൽക്കരിക്കപ്പെടുന്നു. ഒരു സ്ത്രീയെ സംബന്ധിച്ച് അവളുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം അവളുടെ വിവാഹമാണെന്ന പൊതുബോധം മീരയുടെ കാര്യത്തിലും സങ്കീർണ്ണതകൾ സൃഷ്ടിക്കുന്നു.കഥയുടെ അവസാനം ഭിന്നശേഷി സമൂഹത്തോട് അവഗണനയും പരിഹാസവും നികൃഷ്ട മനോഭാവവും വെച്ചുപുലർത്തുന്ന സാമൂഹിക വ്യവസ്ഥിതിയെ വെല്ലുവിളിച്ച് കൊണ്ടാണ് ഇഷ്ടികചൂളയിൽ കയറി മീര ആത്മഹത്യ ചെയ്യുന്നത്.

ശാരീരികമായ അവശതകൾ ഉള്ളതിനാൽത്തന്നെ വളരെ ദുരിതപൂർണ്ണമായിട്ടുള്ള ജീവിതമാണ് മീരയ്ക്ക് സംവിധായകൻ കൽപ്പിച്ചു നൽകുന്നത്. ശാരീരികമായ പ്രശ്നത്തെക്കാൾ മാനസികമായ തളർച്ച മീരയിൽ ഏൽപ്പിക്കാനുള്ള ശ്രമങ്ങൾ സിനിമയിൽ നിരന്തരമായി കാണാം. ഭിന്നശേഷിശരീരങ്ങളെ പൂർണ്ണശരീരങ്ങളായി അംഗീകരിക്കാത്ത പൊതുബോധം അപകടത്തിന്റെയും പാപജന്മത്തിന്റെയും ഫലമായിട്ടാണ് ഭിന്നശേഷിയുള്ള വ്യക്തികളെ കാണുന്നത്. “പെറ്റു വീണപ്പോ തൊട്ട് മുടിവാ, തന്തയുടെയും തള്ളയുടെയും തലവരെ പോയി” എന്ന് സിനിമയുടെ ആദ്യഭാഗത്ത് തന്നെ മീരയുടെ അമ്മൂമ്മ സൂചിപ്പിക്കുന്നുണ്ട്. പ്രായാധിക്യം ബാധിച്ച, പാരമ്പര്യ മൂല്യങ്ങൾ പേറുന്ന, അമ്മൂമ്മ കഥാപാത്രം സിനിമയിലുടനീളം മീരയെ ശാപവാക്കുകൾ കൊണ്ട് വേട്ടയാടുന്നുണ്ട്. പട്ടുസാരി ധരിക്കണമെന്ന മീരയുടെ ആഗ്രഹത്തെ അവർ പുച്ഛിച്ചു തള്ളുന്നു. “പട്ടുസാരി എവിടെ കൊണ്ടുപോയി ചുറ്റാനാ, ശാപം പിടിച്ച ജന്മം” എന്നാണ് അവർ മീരയുടെ ആഗ്രഹത്തെ നോക്കിക്കാണുന്നത്. പൂർണ്ണ ശരീരങ്ങൾക്ക് മാത്രമാണ് അണിഞ്ഞൊരുങ്ങി നടക്കാനുള്ള അവകാശമെന്നും സൗന്ദര്യം, അലങ്കാരം തുടങ്ങിയവ ഭിന്നശേഷിയുള്ളവർക്ക് അർഹിക്കുന്നതല്ലെന്നുമുള്ള കാഴ്ചപ്പാടാണ് ഇവിടെ മുന്നോട്ടുവെക്കപ്പെടുന്നത്.

ഭിന്നശേഷിയുള്ള ആളുകളെ തുല്യ പൗരന്മാരായി പരിഗണിക്കാത്ത മനോഭാവം സിനിമയിൽ ഉടനീളം കാണാം. ഇത്തരം ആളുകൾ പലപ്പോഴും ദുശ്ശകുനങ്ങളായും വഴിമുടക്കികളായും കരുതപ്പെടുന്നു. മീരയുടെ അമ്മാവനായ സുശീലന്റെ വീട്ടിൽ നടക്കുന്ന വിവാഹാലോചനയിൽ ചെന്നെത്തുന്ന മീരയോട് വളരെ അപമര്യാദയിലാണ് സുശീലൻ പെരുമാറുന്നത്. “മൂശേട്ട,

ഇഴജന്തു, മംഗള കർമ്മം നടക്കുന്നിടത്ത് എന്തിനാണ് ശകുനം മുടക്കാൻ വരുന്നത്" എന്നാണ് സുശീലന്റെ ചോദ്യം. പൂർണ്ണശരീരങ്ങളെല്ലാം നല്ല ശകുനങ്ങളാകുന്നതും അപരർ ദുശ്ശകുനങ്ങളാകുന്നതും ശേഷീവാദ സമൂഹത്തിന്റെ പൊതുബോധ നിർമ്മിതിയാണെന്ന് കാണാൻ പ്രയാസമില്ല. വീട്ടിനകത്ത് ഭിന്നശേഷി വിഭാഗത്തിലുള്ള ഒരു വ്യക്തിയുള്ളത് വലിയൊരു കുറവായി പലപ്പോഴും ഗണിക്കപ്പെടുന്നതായി കാണാം. ആവതില്ലാത്ത പെണ്ണുങ്ങളെന്ന് ബ്രോക്കറും സുഖമില്ലാത്ത കുട്ടി എന്ന് അയൽവാസിയും പറയുന്നത് ഈ കുറവിനെ മുൻനിർത്തിയാണ്. നിന്നെ പോലൊരു പഴതാരയെ തേടി ആള് വരും എന്ന സുശീലന്റെ പരിഹാസ വാക്കുകൾ അരയ്ക്ക് താഴെ തളർന്ന മീരയ്ക്ക് നല്ലൊരു ജീവിതപങ്കാളിയെ ലഭിക്കില്ലെന്ന ധാരണയാണ് മുന്നോട്ടുവയ്ക്കുന്നത്. ഇഴഞ്ഞു നടക്കുന്ന ഒരു പെൺകുട്ടിയെ ഭാര്യയായി സ്വപ്നം കാണാൻപോലും എനിക്ക് വയ്യെന്ന് മുറ ചെറുക്കനായ രാജേന്ദ്രൻ പറയുന്നുണ്ട്. ഇത്തരം സംഭാഷണങ്ങളെല്ലാം പൂർണ്ണ ശരീരത്തെയും അപൂർണ്ണ ശരീരത്തെയും സംബന്ധിച്ച പൊതുധാരണകളെ ഊട്ടിയുറപ്പിക്കാനാണ് ശ്രമിക്കുന്നത്.

സിനിമയുടെ അവസാന ഭാഗത്ത് മാനസികമായ പ്രയാസങ്ങൾ നേരിടുന്ന അമ്മാവന് ഭക്ഷണവുമായി എത്തുന്ന മീരയെ സംവിധായകൻ അവതരിപ്പിച്ചിട്ടുണ്ട്. ശാരീരികമായി തളർന്നിട്ടും സഹനത്തിന്റെ മൂർത്തി രൂപമാണ് നായിക എന്ന് തെളിയിക്കാനാണ് ഇത്തരം ഒരു സന്ദർഭത്തെ വിനയൻ ഉപയോഗിച്ചിരിക്കുന്നത്. സ്വന്തം സഹോദരന്റെ വിവാഹത്തിന് താൻ വിലങ്ങ് തടിയാണെന്ന് തിരിച്ചറിയുന്ന മീര ആത്മഹത്യ ചെയ്യാൻ തയ്യാറാകുന്നു. പരിമിതിയുള്ളവർക്ക് ജീവിതം സാധ്യമല്ലെന്ന പൊതുബോധത്തെ നിർമ്മിച്ചുകൊണ്ടാണ് ഇഷ്ടിക ചൂളയിലേക്ക് മീര നടന്നു നീങ്ങുന്നത്. ഭിന്നശേഷിയെ സംബന്ധിച്ച ശേഷീവാദ സമൂഹത്തിന്റെ കാഴ്ചകളെ തന്നെയാണ് മീരയുടെ ദുഃഖവും മുത്തുവിന്റെ സ്വപ്നവും എന്ന സിനിമയും പ്രതിനിധാനം ചെയ്യുന്നത്.

## ഉപസംഹാരം

ഭിന്നശേഷിയെ സഹതാപത്തിനുള്ള ഉപാധിയാക്കാമെന്നും മനുഷ്യന്റെ ലോല വികാരങ്ങളെ തഴുകി ഉണർത്താമെന്നുമുള്ള കച്ചവട സിനിമയുടെ തന്ത്രം വിനയന്റെ മൂന്ന് സിനിമകളിലും ഒരുപോലെ ഉപയോഗിച്ചിരിക്കുന്നു. സിനിമയിലെ പ്രധാന കഥാപാത്രങ്ങൾക്ക് ഭിന്നശേഷി കൽപ്പിച്ച് നൽകുന്ന പ്രവണത ഈ മൂന്ന് സിനിമകളിലും കാണാൻ സാധിക്കും.ഊമപ്പെണ്ണിന് ഉരിയാടാപ്പയ്യൻ, വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും എന്നി സിനിമകളിൽ

നായകനും നായികയ്ക്കും പരിമിതികൾ ഉണ്ടാകുമ്പോൾ മീരയുടെ ദുഃഖവും മുത്തുവിന്റെ സ്വപ്നവും എന്ന സിനിമയിൽ നായികയ്ക്ക് മാത്രമാണ് പരിമിതി നൽകപ്പെട്ടിരിക്കുന്നത്. ഭിന്നശേഷി എന്നത് പാപത്തിന്റെയും ദുശകുനത്തിന്റെയും ഉല്പന്നമാണെന്ന് മൂന്ന് സിനിമകളും ഒരുപോലെ ആവിഷ്കരിക്കുന്നു. നായക-നായിക നിർമ്മിതിയിൽ അപൂർണ്ണ ശരീരങ്ങൾക്ക് അപൂർണ്ണ ശരീരങ്ങൾ മാത്രമേ യോജിക്കുകയുള്ളൂ എന്ന കാഴ്ചപ്പാട് മൂന്നു സിനിമകളിലും ഒരുപോലെ അനുവർത്തിക്കുന്നു. മുകളിൽ വിശകലന വിധേയമാക്കിയ മൂന്ന് ചലച്ചിത്രങ്ങളും ഭിന്നശേഷി വിഭാഗക്കാരെ പൂർണ്ണ മനുഷ്യരായി അംഗീകരിക്കാൻ തയ്യാറാകുന്നില്ല. അവരോട് സഹതാപത്തോടെയും കാരുണ്യത്തോടെയും പെരുമാറണമെന്നുമുള്ള ധാരണ ഉറപ്പിക്കാനും ഇത്തരത്തിലുള്ള ആളുകൾ കുടുംബത്തിന്റെയും സമൂഹത്തിന്റെയും ബാധ്യതയാണെന്നുമുള്ള പൊതുബോധത്തെ ഉത്പാദിപ്പിക്കാനുമാണ് ഈ സിനിമകൾ ശ്രമിക്കുന്നതെന്ന് നിസംശയം പറയാം.

## ഗ്രന്ഥസൂചി

1. Ashutosh Singh,Representation of Disability in Indian English Fiction, International Journal of English Language, Literature and Humanities, Volume 2,Issue 10,2015
2. Kinshuk Chakraborty, Disability Studies And Literature : An Overview, European Journal of Molecular& Clinical Medicine, Volume 07,Issue 08,2020
3. Ria Cheyne, Disability Literature Genre, Liverpool University Press, Cambridge, 2019
4. WHO, Disability Including Prevention, Management and Rehabilitation, 9th Plenary Meeting, Geneva, 2001
5. വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും, https://youtu.be/DbbzY0wHt5M
6. ഊമ പെണ്ണിന് ഉരിയാടാ പയ്യൻ, https://youtu.be/Wre4Tg8ENTk
7. മീരയുടെ ദുഃഖവും മുത്തുവിന്റെ സ്വപ്നവും, https://youtu.be/1oxyEWhAdhg